നം.കെ.എസ്.എ.ഐഡി.കെ-9/986/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 17.07.2017.

# ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*************************

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-01-2017 മുതൽ 02-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-07-2017 മുതൽ 10-07-2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി. ജി. സജിമോൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീ. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |

**(ബി)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജാൻസി റെജി | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. അജിത് കുമാർ വി.ആർ. | 01-04-2016 മുതൽ 05-08-2016 വരെ |
| | ശ്രീ. സാബു ജോൺ | 06-08-2016 മുതൽ 19-12-2016 വരെ |
| | ശ്രീ. സുജിത് കുമാർ പി.സി. | 20-12-2016 മുതൽ 20-01-2017 വരെ |
| | ശ്രീ. അനസ് വൈ. | 21-01-2017 മുതൽ 31-03-2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ. അരുൺ കുമാർ ആർ. | 01-04-2016 മുതൽ 14-03-2017 വരെ |
| | ശ്രീ. അഞ്ജന ദിനേഷ് | 15-03-2017 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. സിബി സെബാസ്റ്റ്യൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സാലി വൈ. | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ. ദിനകരൻ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വീണ ആർ. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ബിജു ഫിലിപ്പ് | 01-04-2016 മുതൽ 27-07-2016 വരെ |
| | ഡോ. റ്റിജു പി. ജോസഫ് | 27-07-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദേവിലക്ഷ്മി വി.ആർ | 01-04-2016 മുതൽ 19-01-2017 വരെ |
| | ഡോ.വർഗീസ് റ്റി. ഐസക് | 20-01-2017 മുതൽ 31-03-2017 വരെ |
| ഗ്രാമസേവകൻ | ശ്രീ. ഇസ്മായിൽ റാവുത്തർ | 01-04-2016 മുതൽ 15-06-2016 വരെ<br>01-07-2016 മുതൽ 17-09-2016 വരെ |
| | ശ്രീ.ആർ.ഹരികുമാരൻ പിള്ള | 18-10-2016 മുതൽ 31-03-2017 വരെ |
| ഗ്രാമസേവിക | ശ്രീമതി.റീനാമോൾ ചാക്കോ | 16-06-2016 മുതൽ 30-06-2016 വരെ<br>18-09-2016 മുതൽ 17-10-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | |

| | | | |
|---|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ | |
| 13 | 2-1 | വാടക ഈടാക്കിയിട്ടില്ല – കുടിശ്ശിക – ₹47,700/- | |
| 14 | 2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | |
| 15 | 2-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 16 | 2-4 | ഡി. & ഒ. ലൈസൻസ് – അപാകത | |
| 17 | 3-1 | മുൻകൂർ കണക്കുകളിൽ അവ്യക്തത | |
| 18 | 3-2 | വാങ്ങിയ പഠനോപകരണങ്ങളും സൈക്കിളുകളും വിതരണം ചെയ്തിട്ടില്ല | |
| 19 | 3-3 | സംയുക്തപ്രോജക്ടുകൾ – വിനിയോഗ വിവരങ്ങളില്ല | |
| 20 | 3-4 | മുട്ടക്കോഴി വിതരണം – അപാകതകൾ | |
| 21 | 3-5 | ആയുർവേദം - മരുന്നുകൾ പൂർണമായി ലഭിച്ചില്ല | |
| 22 | 3-6 | പാലിയേറ്റീവ് കെയർ - മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല | |
| 23 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 26 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 27 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 28 | 4-6 | ഓഡിറ്റ് റിക്കവറി | |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |

| | | | |
|---|---|---|---|
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |

****************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 15-03-2016 തീയതിയിലെ നമ്പർ 1 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 08-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കേഷന് വേണ്ടി 2016-17 കണക്കുകൾ ഓഡിറ്റിനൊപ്പം പരിശോധിച്ചു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹69,29,357/- |
| വരവ് | ₹7,49,76,537/- |
| ആകെ | ₹8,19,05,894/- |

| | |
|---|---|
| ചെലവ് | ₹6,98,39,020/- |
| നീക്കിയിരിപ്പ് | ₹1,20,66,874/- |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20547375 | 20547375 | 17929086 | 0 | 87.26 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7939731 | 7939731 | 5643769 | 0 | 71.1 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1518360 | 1518360 | 902503 | 0 | 59.44 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6843876 | 6843879 | 677761 | 0 | 9.9 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5368287 | 5368287 | 4792521 | 0 | 89.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11522166 | 11522166 | 8347156 | 0 | 72.44 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 9057573 | 9057573 | 3689607 | 0 | 40.7 |
| എം.എൻ.ആർ.ഇ.ജി.എസ്. | 350 | 5637516 | 5637866 | 5618477 | 19389 | 99.65 |
| ബി-ഫണ്ട് | 0 | 25992840 | 25992840 | 25992840 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 85293107 | 113 | 48613327 | 102 | 8 | 57 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 36.1ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 6955121 | 8820484 | 1865363 | 26.82 |
| നികുതിയേതര വരവുകൾ | 817035 | 1784476 | 967441 | 118.41 |
| മറ്റുവരവുകൾ | 102078 | 112827 | 10749 | 10.53 |
| ആകെ | 7874234 | 10717787 | 2843553 | 36.10 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,640 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 12,14,700 | 140 |
| വിധവാ പെൻഷൻ | 89,69,000 | 898 |
| വാർദ്ധക്യകാല പെൻഷൻ | 1,30,63,900 | 1000 |
| വികലാംഗ പെൻഷൻ | 2,46,300 | 192 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 52,600 | 5 |
| വിവാഹ ധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-07-2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,052/-യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. തനത് വരുമാനത്തിൽ 52 ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ആസ്തി രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിരം ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലായെന്ന് മുൻറിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും പ്രസ്തുത അപാകത നാളിതുവരെ പരിഹരിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-04-2017 - 26-04-2017 | 2017ഫെബ്രുവരി, മാർച്ച് | 27-06-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.04.2014 – 30.04.2014 | 2013-14 വരെ | 04.06.2014 |

## 1-12 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

1. ഷെഡ്യൂൾ ബി-18-പ്രകാരം ഓണം മുൻകൂർ ആയി നല്കിയതിൽ ₹6,000/-യാണ് ലഭിക്കുവാനുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ₹9,000/- ലഭിക്കുവാനുണ്ട്.
2. രജിസ്റ്റർ പ്രകാരം ശമ്പളം മുൻകൂർ നല്കിയ ഇനത്തിൽ ₹3,659/- ലഭിക്കുവാനുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.
3. വാർഷിക ധനകാര്യ പത്രിക പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നല്കിയത് ₹5,250/- മാത്രമാണ്. K.S.E.B.യ്ക്ക് മുൻകൂർ നല്കിയ ₹50,000/- ഉൾപ്പെടുത്തിയിട്ടില്ല.
4. തൻവർഷ വസ്തു നികുതി ഡിമാന്റ്, ഷെഡ്യൂൾ I-1പ്രകാരം ₹28,89,488/-യും കളക്ഷൻ RP-43 പ്രകാരം ₹29,18,554/-യും ആണ് (+29,066). അതേ സമയം, ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷ വസ്തു നികുതി കുടിശ്ശികയായി ₹15,69,480/- കാണിച്ചിരിക്കുന്നു.
5. ബി-15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശിക ₹43,100/-യാണ്. എന്നാൽ, രജിസ്റ്റർ പ്രകാരം യഥാർത്ഥത്തിലുള്ള കുടിശ്ശിക ₹47,700/- ആണ്.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

7.വസ്തു നികുതി പരിഷ്കരിച്ചത് അനുവദിച്ച് തുക അടയ്ക്കുകയും പിന്നീട് നികുതി കുറവ് വരുത്തുകയും ചെയ്യപ്പോൾ അധികം അടച്ച തുക ബാദ്ധതയായി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

*************************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക ഈടാക്കിയിട്ടില്ല - കുടിശ്ശിക - ₹47,700/-

2015-16 വർഷത്തിൽ താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | സ്ഥാപനം | റൂം നം. | പ്രതിമാസ വാടക | കുടിശ്ശിക ₹ |
|---|---|---|---|---|---|
| 1 | അബിൻനാഥ് കുത്യോട് | ചേറ്റുകുഴി ഷോപ്പിംഗ് കോംപ്ളക്സ് | 2 | 1900 | 11,400 (1900x6) |
| 2 | ഷാജി എക്കാട്ടിൽ | ,, | 3 | 2300 | 13,800 (2300x6) |
| 3 | കെ.എ. തോമസ്, കുരിക്കാട്ടുതാഴെ | ,, | 7 | 1800 | 5,400 (1800x3) |
| 4 | ഷിബു.കെ.ആർ | നെറ്റിതൊഴു ഷോപ്പിംഗ് കോംപ്ളക്സ് | 8 | 1900 | 17,100 (1900x9) |
| ആകെ | | | | | 47,700/- |

വാടക ഈടാക്കുന്നതിനായി നോട്ടീസ് നല്കിയിട്ടുണ്ടെങ്കിലും വാടകക്കാർ കുടിശ്ശിക ഒടുക്കിയിട്ടില്ല. ആയതിനാൽ റിക്കവറി നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

വിശദാംശം ചുവടെ നല്കുന്നു.

| ക്രമ നം. | കെട്ടിട നം | ഉടമസ്ഥത | ഡിമാന്റ് തുക ₹ |
|---|---|---|---|
| 1 | 6/82 | ഇൻഡസ് ടവേഴ്സ് | 7,560 |
| 2 | 5/479A | ഇൻഡസ് ടവേഴ്സ് | 8,260 |
| 3 | 13/15 | ദേവസ്യ | 23,100 |
| 4 | 18/192 | റിലയൻസ് കമ്മ്യൂണിക്കേഷനസ് | 5,670 |
| 5 | 18/193 | ഐഡിയ കമ്മ്യൂണിക്കേഷനസ് | 5,670 |
| 6 | 18/194 | ടാറ്റാ ടെലി സർവ്വീസസ് | 5,670 |
| 7 | 18/195 | വോഡാഫോൺ | 5,670 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2015-16 വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മലനാട് സഹകരണ കാർഷിക വികസന ബാങ്ക് | 1, 2 |
| 2 | വണ്ടൻമേട് സഹകരണ കാർഷിക വികസന ബാങ്ക് | 1, 2 |
| 3 | കെ.എസ്.ഇ.ബി-പുറ്റടി | 1, 2 |
| 4 | സ്പൈസസ് ബോർഡ്-പുറ്റടി | 1, 2 |
| 5 | മാവേലി സ്റ്റോർ | 1, 2 |
| 6 | കാർഡമം പ്ലാന്റേഴ്സ് മാർക്കറ്റിംഗ് സഹകരണ സംഘം | 1, 2 |
| 7 | ബിവറേജസ് കോർപ്പറേഷൻ-കൊച്ചറ | 1, 2 |

| | | |
|---|---|---|
| 8 | ഇലക്ട്രീയ റിസോർട്ട് വണ്ടൻമേട് | 1, 2 |
| 9 | സഹകരണ കാർഷിക വികസന ബാങ്ക്-ചേറ്റുകുഴി | 1, 2 |
| 10 | സഹകരണ കാർഷിക വികസന ബാങ്ക്-നെറ്റിത്തൊഴു | 1, 2 |
| 11 | ഇടുക്കി ജില്ലാസഹകരണ ബാങ്ക് | 2 |

സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് -അപാകത

2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു.

| ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിട നം. | ഉപയോഗം |
|---|---|---|---|
| 144 | ശങ്കർ തിരുമല | 17/645 | ചായക്കട |
| 146 | ജുമൈലത്ത് കെ. എ. | 17/559 | പലചരക്ക് കട |
| 165 | എസ്. മരുതപ്പൻ | 16/159 | പലചരക്ക് കട |
| 166 | എം. കുമാർ | 16/200 | ചായക്കട |
| 215 | അൻഷാദ് എസ്. | 8/559 | സ്പൈസസ് |

ആകെ ഡി & ഒ ട്രേഡ് ലൈസൻസ് അനുവദിച്ച 240 അപേക്ഷകളിൽ 11 അപേക്ഷകളിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ തന്നെ അതിൽ 5 എണ്ണം പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്നിരിക്കെ അവശേഷിക്കുന്ന 229 അപേക്ഷകളിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചാൽ ഇത്തരം കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ, മേൽ പരാമർശിച്ചത് കൂടാതെ ഡി & ഒ ലൈസൻസ് അനുവദിച്ച മറ്റ് അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

*************************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂർ കണക്കുകളിൽ അവ്യക്തത

ജീവനക്കാർക്കുള്ള മുൻകൂർ ഇനത്തിൽ ₹6,000/- ക്രമീകരിക്കാൻ ശേഷിക്കുന്നതായി 2016-17-ലെ ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുണ്ട് (പത്രിക ബി-18, കണക്ക് ശീർഷകം 460100101). എന്നാൽ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കണക്കുകളിൽ അപാകതയുള്ളതായി ബോധ്യപ്പെട്ടു. ശമ്പളം മുൻകൂറിനത്തിൽ ഇനിയും ക്രമീകരിക്കേണ്ട ₹3,659/- പ്രസ്തുത കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഓണം മുൻകൂറിനത്തിൽ ക്രമീകരിക്കാൻ ശേഷിക്കുന്നത് ₹9,000/-യാണെങ്കിലും പത്രികയിൽ ₹6,000/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് തസ്തിക | മുൻകൂറിന്റെ ഇനം | നൽകിയ തുക ₹ | ക്രമീകരിച്ച തുക ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ | വൗച്ചർ നമ്പർ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | കൃഷ്ണകുമാരി പി.ജി ഫുൾ ടൈം സ്വീപ്പർ | ശമ്പളം | 18,398 | 14,739 | 3,659 | 21500328/ 19.08.2015 | ഓണം പ്രമാണിച്ച് 8/2016-ലെ ശമ്പളം മുൻകൂറായി നൽകിയെങ്കിലും മാസം പൂർത്തിയാവുന്നതിന് മുൻപ് കുമളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയി |
| 2 | സുനിത.പി.നായർ ക്ലാർക്ക് | ഓണം മുൻകൂർ | 15,000 | 6,000 | 9,000 | 21600379/ 07.09.2016 | 3000x2 ഗഡുക്കൾ വസൂലാക്കിയെങ്കിലും ₹9,000/- ക്രമീകരിച്ചതായി പരിഗണിച്ച് ₹6,000/- വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു |
| | ആകെ ക്രമീകരിക്കേണ്ട തുക | | | | 12,659 | | |
| | ധനകാര്യ പത്രിക പ്രകാരം ക്രമീകരിക്കേണ്ട തുക | | | | 6,000 | | |

കണക്കുകളിൽ സംഭവിച്ച പിഴവിന് വിശദീകരണം ആവശ്യപ്പെട്ട് കുറിപ്പ് നൽകിയിരുന്നു (നം.1) തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായും കണക്കുകളിൽ തിരുത്തലുകൾ

വരുത്തുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മുൻകൂർ തിരികെ ഈടാക്കി കണക്കുകളിൽ ക്രമീകരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-2 വാങ്ങിയ പഠനോപകരണങ്ങളും സൈക്കിളുകളും വിതരണം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എസ്.സി, എസ്.റ്റി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് തൻവർഷം 6 പ്രോജക്ടുകളാണ് നടപ്പാക്കിയത്. ഇരുവിഭാഗങ്ങൾക്കുമുള്ള വിദ്യാഭ്യാസ ധനസഹായം, പഠനോപകരണങ്ങൾ വാങ്ങൽ, ലാപ് ടോപ്പ് വിതരണം, സൈക്കിൾ വാങ്ങൽ എന്നിവയാണവ. വിദ്യാഭ്യാസ ധനസഹായവും ലാപ് ടോപ്പുകളും അതത് വിദ്യാർത്ഥികൾക്ക് അനുവദിച്ചുവെങ്കിലും വാങ്ങിയ പഠനോപകരണങ്ങളും സൈക്കിളുകളും പൂർണമായി വിതരണം ചെയ്യാതെ പഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്നത് ഓഡിറ്റ് വേളയിൽ കാണുകയുണ്ടായി.

വിശദാംംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | വാങ്ങിയ സാധനങ്ങളുടെ എണ്ണം | വിതരണം ചെയ്തവ | ശേഷിക്കുന്നവ | പ്രോജക്റ്റ് ചെലവ് | അഭിപ്രായ ക്കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | എസ്.108/17, എസ്.സി. വിദ്യാർത്ഥി കൾക്ക് പഠനോ പകരണങ്ങൾ | മേശ – 70<br>കസേര - 70 | മേശ - 68<br>കസേര - 68 | മേശ - 02<br>കസേര - 02 | 275800 | മേശവില -₹2,850/-<br>കസേരവില -₹1,090/-<br>തുക പെരിയാർ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ എന്ന വിതരണ കരാർ സ്ഥാപന ത്തിന്റെ അക്കൗണ്ടിലേക്ക് 31.03.2017-ൽ നേരിട്ട് ക്രെഡിറ്റ് ചെയ്തു. |
| 2 | എസ്.118/17, എസ്.റ്റി. വിദ്യാർ-ത്ഥികൾക്ക് പഠനോ പകരണങ്ങൾ | മേശ - 16<br>കസേര – 16 | മേശ – 08<br>കസേര - 08 | മേശ - 08<br>കസേര – 08 | 63040 | |
| 3 | എസ്.117/17,<br>എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ | ആൺ കുട്ടികൾക്കുള്ളത് -15<br>പെൺ കുട്ടികൾക്കുള്ളത് -15 | ആൺ കുട്ടികൾക്കുള്ളത് -12<br>പെൺ കുട്ടികൾക്കുള്ളത് -15 | ആൺകുട്ടികൾ ക്കുള്ളത് -3 | 141000 | ആൺകുട്ടി കൾക്കുള്ള സൈക്കിളിന്റെ വില ₹4,750/-<br>പെൺകുട്ടി കൾക്കുള്ള സൈക്കിളിന്റെ വില ₹4,650/-<br>തുക പനവിളയ്ക്കൽ സ്റ്റോഴ്സ് അണക്കര |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | എന്ന വിതരണ കരാർ സ്ഥാപന ത്തിന്റെ അക്കൗണ്ടി ലേക്ക് 31.03.2017-ൽ നേരിട്ട് ക്രെഡിറ്റ് ചെയ്തു |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസൃതമായാണ് വാങ്ങൽ നടത്തിയതെങ്കിലും ആവശ്യമായ രേഖകൾ അവരിൽ പലർക്കും ഹാജരാക്കാൻ കഴിയാതെ വന്നതിനാലാണ് അവ വിതരണം ചെയ്യാത്തതെന്നും താമസംവിനാ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി നൽകുന്നതാണെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ അടിയന്തിരമായി വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-3 സംയുക്ത പ്രോജക്റ്റുകൾ - വിനിയോഗ വിവരങ്ങളില്ല

കട്ടപ്പന ബ്ലോക്ക്പഞ്ചായത്ത് "ലീഡ് പാർട്ണർ" ആയ താഴെപ്പറയുന്ന പ്രോജക്ടിനുവേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറിയെങ്കിലും അതിന്റെ വിനിയോഗ വിവരങ്ങൾ പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നം, പേര് | നൽകിയ തുക ₹ | തുക കൈമാറിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | എസ്. 102/17<br>പി.എം.എ.വൈ. അധിക ധനസഹായം (ജനറൽ) | 3,00,000 | ഡി.ഡി.നം.769928/26.12.16 |
| 2 | എസ്. 103/17<br>പി.എം.എ.വൈ. അധിക ധനസഹായം (മൈനോറിറ്റി) | 2,00,000 | ഡി.ഡി.നം.769933/26.12.16 |
| 3 | എസ്. 104/17<br>പി.എം.എ.വൈ അധിക ധനസഹായം (പി.എച്ച്.) | 45,000 | ഡി.ഡി.നം.769935/26.12.16 |
| 4 | എസ്. 105/17<br>പി.എം.എ.വൈ അധിക ധനസഹായം (എസ്.സി.പി.) | 3,00,000 | ഡി.ഡി.നം.769936/26.12.16 |
| 5 | എസ് 122/17<br>പി.എം.എ.വൈ അധിക ധനസഹായം (എസ്.റ്റി.) | 1,50,000 | ഡി.ഡി.നം.769937/26.12.16 |
| | | 9,95,000 | |

വിനിയോഗ വിവരങ്ങൾ ബ്ലോക്ക്പഞ്ചായത്തിൽനിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 മുട്ടക്കോഴി വിതരണം - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : – വെറ്റിനറി സർജൻ

| | | ജനറൽ (110/16-17) | എസ്.സി.പി. (111/16-17) |
|---|---|---|---|
| വിഭവ സ്രോതസ്സ് | വികസന ഫണ്ട്- | 9,28,489 | 5,07,606 |
| | ഗുണഭോക്തൃവിഹിതം(നേരിട്ട് പഞ്ചായത്തിൽ അടയ്ക്കുന്നത്) | 3,11,483 | 1,72,974 |
| | ആകെ അടങ്കൽ | 12,39,972 | 6,80,580 |
| ചെലവ് വിശദാംശങ്ങൾ | ബിൽ നം. 3/16-17/24-03-2017 | 3,10,300 | 0 |
| | 4/16-17/24-03-2017 | 0 | 32,100 |
| | 5/16-17/28-03-2017 | 1,12,564 | 0 |
| | ഗുണഭോക്തൃവിഹിതം | 1,33,260 | 10,875 |
| | ആകെ | 5,66,124 | 42,975 |

മുട്ടക്കോഴി വളർത്തലിലൂടെ 3351(2163ജനറൽ+1187എസ്.സി) വനിതാ ഗുണഭോക്താക്കൾക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തത്. ഹാച്ചറികളിൽ നിന്ന് എഗ്ഗർ നേഴ്സറികൾക്ക് ലഭിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 45-60 ദിവസം പ്രായമാവുമ്പോൾ വാങ്ങി ഗുണഭോക്താക്കൾക്ക് നല്കുകയാണ് ഇവിടെ ഉദ്ദേശിച്ചത്. ഒന്നിന് ₹100/- എന്ന നിരക്കിൽ എഗ്ഗർ നേഴ്സറിയിൽ നിന്ന് ലഭിക്കുന്ന കോഴിക്കുഞ്ഞിന് നികുതിയടക്കം ആകെ ₹114.5 വില വരുന്നു.

രണ്ട് പദ്ധതികളിലുമായി 1063(988ജനറൽ+75എസ്.സി.) ഗുണഭോക്താക്കൾക്ക് ആകെ 5315 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക വഴി ₹6,09,099/-യുടെ ചെലവുണ്ടായിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ പദ്ധതിയായി മുട്ടക്കോഴി വിതരണം ചെയ്യുമ്പോൾ ഗവൺമെന്റ് ഫാമുകളിൽ/ഹാച്ചറികളിൽ നിന്ന്

മാത്രം കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി വിതരണം ചെയ്യാനാണ് ഗവ. അംഗീകൃത എഗ്ഗർ നേഴ്സറികൾക്ക് അനുവാദമുള്ളത്. പ്രസ്തുത വ്യവസ്ഥ പ്രകാരം, ഹൈറേഞ്ച് ഫാം വാങ്ങി വളർത്തിയ കോഴിക്കുഞ്ഞുങ്ങളെ നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കിയതിന്റെ ബിൽ ഫയലിൽ കാണുന്നു. ഹൈറേഞ്ച് ഫാം ഹാച്ചറികളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബിൽ കോപ്പി പരിശോധിച്ച് മാത്രമാണ് കോഴിക്കുഞ്ഞുങ്ങളുടെ പ്രായം ഉറപ്പാക്കാൻ കഴിയുന്നത്. ആയത് ഫയലിൽ ലഭ്യമല്ല. മേൽനോട്ടം നടത്തി ഗുണനിലവാരം ഉറപ്പാക്കാൻ സൂചിത മാർഗ്ഗരേഖയിൽ വെറ്റിനറി സർജനോട് നിർദ്ദേശിക്കുന്നുണ്ടെങ്കിലും കോഴിക്കുഞ്ഞുങ്ങളുടെ പ്രായം ഉറപ്പാക്കാൻ നിർദ്ദേശിക്കുന്നില്ല. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വാറ്റ് നികുതി അടച്ചാണ് ഹാച്ചറികളിൽനിന്ന് എഗ്ഗർ നേഴ്സറികൾ വാങ്ങുന്നത്. ആയതിന് ബിൽ ലഭ്യമാകുന്നതാണ്. ഹൈറേഞ്ച് ഫാമിന് ലഭിച്ച ബില്ലിന്റെ കോപ്പി പരിശോധിച്ചാൽ മാത്രമാണ് കോഴിക്കുഞ്ഞുങ്ങളുടെ പ്രായം കൃത്യമായി ഉറപ്പിക്കാനാവൂ.

2. ശ്രീ. എൻ. പി. ചാക്കോ, നരിമറ്റം എന്നയാളുടെ ഉടമസ്ഥതയിൽ ചക്കുപള്ളത്ത് പ്രവർത്തിക്കുന്ന "ഹൈറേഞ്ച് എഗ്ഗർ നഴ്സറി"യ്ക്കാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് അംഗീകാരം (ഡി1-5874/12/പ്ലാനിംഗ്, തീയതി 15-02-2013) ലഭിച്ചത്. എന്നാൽ ഇതേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും പ്രസ്തുത വിതരണത്തിന് അംഗീകാരം ഇല്ലാത്തതുമായ ഹൈറേഞ്ച് ഫാംസ് എന്ന സ്ഥാപനത്തിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. ഇത് ക്രമവിരുദ്ധമാണ്. ഒരാൾ തന്റെ ഉപയോഗത്തിന് വേണ്ടി തയ്യാറാക്കുന്ന ലെറ്റർ പാഡിൽ ചേർത്തിരിക്കുന്ന രേഖപ്പെടുത്തലുകൾ ആധികാരിക രേഖയായി കണക്കാക്കാനാവില്ല. ഒരാൾക്ക് ഒന്നിൽക്കൂടുതൽ സ്ഥാപനങ്ങളുണ്ടാവുക സാധാരണമാണ്. ഒരു വ്യക്തിയുടെ ഒരു സ്ഥാപനത്തിന് (കോഴികളെ വിൽക്കാൻ) ലഭിച്ച അംഗീകാരം ഉപയോഗിച്ച് മറ്റൊരു സ്ഥാപനം വഴി വില്പന നടത്തുന്നത് നിയമ വിരുദ്ധമാണ്. ഹൈറേഞ്ച് എഗ്ഗർ നേഴ്സറിയുടെ ബിൽ മാത്രമാണ് അംഗീകരിക്കാനാവുന്നത് അല്ലെങ്കിൽ എഗ്ഗർ നേഴ്സറിയ്ക്ക് ലഭിച്ച അംഗീകാരമുപയോഗിച്ച് ഹൈറേഞ്ച് ഫാമിന് വില്പന നടത്താമെന്നുള്ള ഒരു സ്പഷ്ടീകരണം വില്പന നികുതി വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ ₹6,09,099/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവേദം - മരുന്നുകൾ പൂർണമായി ലഭിച്ചില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ്-റോഡിതരം) |
| ബിൽ | 1/16-17/14.12.2016, ₹3,00,000/- |

സൂചിത തുക ആഡ്വാൻസായി ഔഷധിയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല. നാളിതുവരെ ₹2,38,744/-യുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി ₹61,256/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റീവ് കെയർ - മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | ₹6,60,000/-(ജനറൽ) |
| ബിൽ | 3/16-17/30.01.2017, ₹2,80,944/- |

പാലിയേറ്റീവ് കെയറിന്റെ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി സൂചിത ബിൽ തുക അഡ്വാൻസായി കാരുണ്യ മെഡിക്കൽ ഡിപ്പോയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല. നാളിതുവരെ ₹1,65,094/-യുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി ₹1,15,850/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

*********************

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ആനക്കയം കുടിവെള്ള പദ്ധതിയ്ക്ക് ത്രീഫേസ് ലൈൻ | - | 50,000/- | - | 50,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകി |

| | | | | |
|---|---|---|---|---|
| | | | | |

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 4-1-5 | 2012-13 | വസ്തുനികുതിയുടെ കണക്കുകൾ പൊരുത്തപ്പെടാത്തത് | |
| | | 2012-13 | തൊഴിൽ നികുതിയുടെ കണക്കുകൾ പൊരുത്തപ്പെടാത്തത് | |
| | | 2013-14 | | |
| | | 2012-13 | ഡി. & ഒ. ട്രേഡ് ലൈസൻസിന്റെ കണക്കുകൾ പൊരുത്തപ്പെടാത്തത് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,49,76,537/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,98,39,020/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,86,205/- |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 6,09,099 | ഡോ. കെ. ദിനകരൻ, വെറ്റിനറി സർജൻ |
| 3-5 | 61,256 | ഡോ. വീണ ആർ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-6 | 1,15,850 | ഡോ. റ്റിജു പി. ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-4

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. കെ. ദിനകരൻ | വെറ്റിനറി സർജൻ<br>വണ്ടൻമേട് | 6-5-27B/2<br>ഹൈവേ സ്ട്രീറ്റ്,<br>പണ്ണൈപുരം – 625524 |
| ഡോ. വീണ ആർ. | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം,വണ്ടൻമേട് | കൊല്ലന്തറ,<br>കരിങ്കന്നൂർ പി.ഒ.,<br>കൊല്ലം |
| ഡോ. റ്റിജു പി. ജോസഫ് | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.,വണ്ടൻമേട് | പുളിമൂട്ടിൽ,<br>അണക്കര പി.ഒ.,<br>ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.ഐ.-5/480/96/09.12.96 | |
| 1996-97 | എൽ.എഫ്.ഐ.-5/69/98/04.06.98 | |
| 1997-98 | എൽ.എഫ്.ഐ.-6/163/00/06.06.2000 | |
| 1998-99 | എൽ.എഫ്.ഐ.-6/202/00/29.07.2000 | |
| 1999-00 | എൽ.എഫ്.ഐ.-9/562/00/31.07.01 | |
| 2000-01 | എൽ.എഫ്.ഐ.-6/252/03/06.09.03 | |
| 2001-02 | എൽ.എഫ്.ഐ.-6/281/04/08.10.04 | |
| 2002-03 | എൽ.എഫ്.ഐ.-6/723/04/09.02.05 | |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.ഐ.-8/40/06/02.11.06 | |
| 2004-05 | എൽ.എഫ്.ഐ.-8/1022/06/01.06.07 | |
| 2005-06 | എൽ.എഫ്.ഐ.-9/631/07/03.11.07 | |
| 2006-07 | എൽ.എഫ്.ഐ.-8/884/08/07.03.09 | |
| 2007-08 | എൽ.എഫ്.ഐ.-9/740/12/07.08.12 | |
| 2008-09 | എൽ.എഫ്.ഐ.-9/989/12/10.10.12 | |
| 2009-10 | എൽ.എഫ്.ഐ.-9/721/12/04.05.12 | |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/11.07.13 | |
| 2011-12 | എൽ.എഫ്.ഐ.-9/940/13/12.06.14 | |
| 2012-13 | എൽ.എഫ്.ഐ.-9/1344/14/15.12.14/ 27.03.15 | |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15/ 02.09.2015 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/380/16/ 6.5.2016 | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-9/103/17/ 27.01.2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**അനുബന്ധം -1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐഡി.കെ.-9/986/2017

കേരളസംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*

തീയതി. 17.07.2017.

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

No.KSA-IDK.9/986/2017

Kerala State Audit Department
District Audit Office

Idukki, Thodupuzha

Ph : 04862-227332

*E-mail :- doidk.ksad@kerala.gov.in*

Date : 17.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vandanmedu Gramapanchayath in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of Audit of Accounts of Panchayath Raj Instituitions.

In my opinion, the Financial Statements of Vandanmedu Gamapanchayath for the 2016-17, except the observations in my audit report, properly presents the picture of income and expenditure.

DEPUTY DIRECTOR

IDUKKI